LIBRARY ARCHIVES Kerala Legislative Assembly

ദുരിതാശ്വാസ നിധി

78 (3784) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ആർക്കൊക്കെ സഹായങ്ങൾ അനുവദിക്കാറുണ്ടെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും പട്ടികജാതി വിഭാഗക്കാർക്കും പട്ടികവർഗ്ഗ വിഭാഗക്കാർക്കും ചികിത്സാ ധനസഹായം, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബത്തിന് ധനസഹായം, തീപിടുത്തം, പ്രകൃതിക്ഷോഭം മുതലായവമൂലം വീട്, വസ്തുവകകൾ നഷ്ടമാകുന്നവർക്ക് ധനസഹായം എന്നിവ അനുവദിച്ചുവരുന്നുണ്ട്.

(ബി) ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് സഹായം അനുവദിക്കാറുള്ളതെന്നും പരമാവധി നൽകുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ?

മാരകരോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരും 1,00,000 രൂപയിൽ (ഒരു ലക്ഷം രൂപ മാത്രം) താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെ ആശ്രുപത്രി മുഖാന്തരം നൽകിവരുന്നുണ്ട്. കുടുംബത്തിലെ ഒരു ലക്ഷം രൂപയിൽത്താഴെ വാർഷിക വരുമാനമുള്ള ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്ക് പരമാവധി 2,00,000 രൂപയും തീപിടുത്തംമൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്ക് 50,000 രൂപ വരെയും ധനസഹായം നൽകുന്നുണ്ട്. പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി രോഗംമൂലമോ അപകടംമൂലമോ മരണപ്പെട്ടാൽ അത്തരം കുടുംബങ്ങൾക്ക് 2,00,000 രൂപ ധനസഹായം അനുവദിക്കുന്നുണ്ട്. അപകടത്തെത്തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000 രൂപ അടിയന്തര ചികിത്സാ ധനസഹായം അനുവദിക്കുന്നു. ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ

തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപവരെ ധനസഹായം അനുവദിക്കുന്നു. മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രതയനുസരിച്ച് 50,000 രൂപവരെ ചികിത്സാ സഹായം അനുവദിക്കുന്നു. തീപിടുത്തംമൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക, എന്നിവയ്ക്ക് 50,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

(സി) സഹായം ലഭ്യമാക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതി എങ്ങനെയാണെന്നും വ്യക്തമാക്കാമോ?

സഹായം ലഭ്യമാക്കാനുള്ള മാനദണ്ഡങ്ങളും അപേക്ഷിക്കേണ്ട രീതിയും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

പട്ടികവർഗ്ഗ കലാകാരന്മാർക്ക് പ്രോത്സാഹനം

79 (3785) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ തനതായ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്ന എഴുത്തുകാരുടെയും കലാകാരന്മാരുടെയും കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

&

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

പട്ടികവർഗ്ഗക്കാരുടെ തനതായ കലകൾ പരിപോഷിപ്പിക്കുന്നതിനും സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും 'ഗദ്ദിക' എന്ന പേരിൽ സാംസ്കാരിക പ്രദർശന വിപണന മേളകളും എഴുത്തുകാർക്ക് സാഹിത്യ ശില്പശാലകളും നടത്തിവരുന്നുണ്ട്. സാധാരണഗതിയിൽ എല്ലാ വർഷവും 2 ജില്ലകളിലാണ് ഗദ്ദിക സംഘടിപ്പിക്കുന്നത്. 2020 ജനുവരിയിൽ ഗദ്ദിക കണ്ണൂരിൽ സംഘടിപ്പിച്ചിരുന്നു. കോവിഡ്-19 രൂക്ഷമായതിനാൽ ഇതിനുശേഷം ഗദ്ദിക സംഘടിപ്പിച്ചിട്ടില്ല. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ സംസ്ഥാനതല കലാമത്സരം സംഘടിപ്പിക്കുമ്പോൾ അതിൽ പട്ടികവർഗ്ഗക്കാരുടെ തനതായ പാരമ്പര്യകലകൾ ഒരു മത്സരയിനമായി ഉൾപ്പെടുത്തുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly